മന്ന ഹർഷദ്

# കാക്കപ്പെണ്ണിന്റെ സങ്കടം



തെൻമലയാറ്റിൻ തീരത്ത് ഒരു ആൽമരക്കൊമ്പിൽ കാക്കപ്പെണ്ണും ചെറുക്കനും താമസിച്ചിരുന്നു. വർഷങ്ങളായിട്ടും കാക്കപ്പെണ്ണ് ഇടുന്ന മുട്ടകളൊന്നും വിരിഞ്ഞില്ല.

ആ മരക്കൊമ്പിൽ വേറെയും കാക്കകൾ കൂടുകൂട്ടി കുഞ്ഞുങ്ങളോടൊപ്പം സുഖമായി കഴിയുന്നുണ്ടായിരുന്നു. അവരുടെ സന്തോഷം നിറഞ്ഞ കുടുംബജീവിതം കാണുമ്പോൾ കാക്കപ്പെണ്ണിന് സങ്കടം വരും. എനിക്കൊരു കുഞ്ഞിനെ കാണാൻ ഭാഗ്യമില്ലാതെ പോയല്ലോ ദൈവമേ? അവൾ ദൈവത്തോട് സങ്കടം പറയും.

ഇവരുടെ അയൽവാസിയാണ് ചിന്നൻ കുരങ്ങൻ. ചിന്നന് വയസ്സായി. ദൂരേക്കൊന്നും പോകാൻ കഴിയില്ല. എന്തെങ്കിലും കായ്കനികൾ തിന്ന് വിശപ്പടക്കും. ആ ആൽമരക്കൊമ്പിൽ തന്നെയാണ് താമസം. കാക്കപ്പെണ്ണിന്റെ സങ്കടം കുരങ്ങൻ ശ്രദ്ധിക്കുന്നുണ്ടായിരുന്നു.

ഒരു ദിവസം കുരങ്ങമ്മാവൻ കാക്കപ്പെണ്ണിനോട് പറഞ്ഞു: ചീനമലയുടെ മുകളിൽ ഒരു കരടി വൈദ്യരുണ്ട്. ഇങ്ങനെയുള്ള പല പ്രശ്നങ്ങൾക്കും പലരും വൈദ്യരുടെ അടുത്ത് പോകാറുണ്ട്. ഞാനും നിങ്ങളുടെ കൂടെ വരാം. നമുക്ക് അവിടെയൊന്ന് പോയി നോക്കാം. ഫലം കിട്ടാതിരിക്കില്ല. അതുകേട്ടപ്പോൾ കാക്കപ്പെണ്ണിനും ചെറുക്കനും അൽപം ആശ്വാസമായി.

പിറ്റേന്ന് കാലത്തു തന്നെ കാക്കപ്പെ

കേരളത്തിലെ ഝാൻസിറാണി എന്നറിയപ്പെടുന്നത് – അക്കമ്മ ചെറിയാൻ.

ണ്ണും ചെറുക്കനും കുരങ്ങമ്മാവനും ചീന മലയിൽ കരടിവൈദ്യരുടെ അടുത്തെത്തി. കാക്കപ്പെണ്ണ് അവളുടെ സങ്കടമെല്ലാം കരടി വൈദ്യരുടെ മുമ്പിൽ കരഞ്ഞു പറഞ്ഞു. വൈദ്യർ കാക്കപ്പെണ്ണിനെ ആശ്വസിപ്പിച്ചു. മരുന്നുകൾ നിർദ്ദേശിച്ചു. വൈദ്യരുടെ ചികിത്സയുടെ ഫലമായി വിരിയിക്കാൻ വെച്ച മുട്ടകളിൽ മൂന്നെണ്ണം വിരിഞ്ഞു. രണ്ട് പെൺ കുഞ്ഞും ഒരു ആൺകുഞ്ഞും. നല്ല ഓമനത്തമുള്ള കുഞ്ഞുങ്ങൾ.

കാക്കപ്പെണ്ണിന്റെയും ചെറുക്കന്റെയും സന്തോഷത്തിന്നതിരില്ല. അവരുടെ സന്തോഷത്തിൽ മറ്റു കാക്കക്കുടുംബങ്ങളും പങ്കുചേർന്നു. ചിന്നൻ കുരങ്ങിനായിരുന്നു കൂടുതൽ സന്തോഷം. ഇടക്കിടക്ക് കാക്കക്കുഞ്ഞുങ്ങളെ കാണാൻ കാക്കക്കൂടിലിലേക്ക് എത്തി നോക്കും.

കാക്കപ്പെണ്ണ് തീറ്റതേടിപ്പോകാതെ കുഞ്ഞുങ്ങൾക്ക് കൂട്ടിരിക്കും. ചെറുക്കൻ രാവിലെ തന്നെ തീറ്റതേടിപ്പോകും.

കുഞ്ഞുങ്ങളോടുള്ള സ്നേഹം കൊണ്ട് കിട്ടുന്ന തീറ്റയും കൊണ്ട് വേഗം കൂട്ടിലേക്ക് തിരിച്ചു വരും. കുഞ്ഞുങ്ങളുടെ കൊഞ്ചലും വികൃതിയുമെല്ലാം കണ്ടു രസിച്ച് രണ്ടുപേരും കൂട്ടിൽ തന്നെ കഴിച്ചുകൂട്ടും. ഒരു ദിവസം കാക്കച്ചെറുക്കൻ കാക്കപ്പെണ്ണിനോട് പറഞ്ഞു: കുഞ്ഞുങ്ങൾ വളരാൻ തുടങ്ങി. ഞാൻ കൊണ്ടുവരുന്ന തീറ്റകൊണ്ട് മാത്രം എല്ലാവർക്കും തികയില്ല. നാളെ മുതൽ നമ്മൾ രണ്ടുപേരും കൂടി പോകണം. കാര്യം ശരിയാണെന്ന് തോന്നി.

പിറ്റേന്ന് രണ്ടുപേരും ഒന്നിച്ച് തീറ്റതേടി പുറപ്പെട്ടു. അച്ഛനും അമ്മയും ഒന്നിച്ച് പോകാൻ തുടങ്ങിയപ്പോൾ മക്കൾക്ക് സങ്കടം വന്നു. ഇതുവരെ മക്കളെ തനിച്ചാക്കി അവർ പുറത്ത് പോയിട്ടില്ല. എങ്കിലും മക്കളെ കാര്യം പറഞ്ഞ് മനസ്സിലാക്കി അവരെ ആശ്വസിപ്പിച്ച് മൂന്നുപേരെയും ചേർത്തുപിടിച്ച് നെറുകയിൽ ഉമ്മവെച്ച് രണ്ടുപേരും തീറ്റതേടി പറന്നുപോയി.

വൈകുന്നേരം കൈ നിറയെ മക്കൾക്കുള്ള തീറ്റയുമായി തിരിച്ചു വന്നപ്പോൾ കണ്ടത് അവരുടെ ഹൃദയം പിളർക്കുന്ന കാഴ്ചയായിരുന്നു. അവരും മറ്റു കാക്കകളും കൂടുകൂട്ടി താമസിച്ചിരുന്ന ആ ആൽ മരക്കൊമ്പുകൾ രണ്ടുമൂന്നുപേർ കൂടി മുറിച്ചു മാറ്റുന്നു. ആറ്റുനോറ്റ് കാത്തിരുന്ന് കിട്ടിയ കൺമണികൾ കൂടോടെ താഴെ വീണ് ചത്തുമലച്ച് ചോരവാർന്ന് കിടക്കുന്നു. ആ മരക്കൊമ്പിലുണ്ടായിരുന്ന കാക്കക്കൂടുകളൊക്കെ ചിന്നിച്ചിതറി കിടക്കുന്നു.

ചില കൂടുകളിൽ വിരിഞ്ഞതും ചിലതിൽ വിരിയാറായതും മറ്റു ചിലതിൽ ചിറക് മുളക്കാറായ കുഞ്ഞുങ്ങളും മരച്ചില്ലകൾക്കിടയിൽ പെട്ട് ചതഞ്ഞ് കിടക്കുന്ന കരളലിയിക്കുന്ന കാഴ്ച കണ്ടുനിൽക്കാൻ കഴിയാതെ കാക്കപ്പെണ്ണ് ബോധമറ്റു വീണു. കുഞ്ഞുങ്ങളുടെ ദയനീയമായ നിലവിളി കേട്ട് ഒന്നും ചെയ്യാൻ കഴിയാതെ കുഞ്ഞുങ്ങൾക്കു ചുറ്റും ആർത്തലച്ച് നെഞ്ച് പൊട്ടിക്കരയുന്ന കാക്കകളുടെ അവസ്ഥ ദയനീയമായിരുന്നു.

പ്രകൃതിയോട് മനുഷ്യർ കാണിക്കുന്ന ക്രൂരതയിൽ പ്രതികരിക്കാൻ കഴിയാതെ ചിന്നൻ കുരങ്ങൻ മറ്റൊരു മരക്കൊമ്പ് തേടി എങ്ങോട്ടോ പോയി.



## ചിത്ര രാമായണം

രാമായണ കഥ രേഖാചിത്രങ്ങളായി വരച്ചിട്ടുള്ള 98- ഓളം ഏടുകളുള്ള താളിയോല ഗ്രന്ഥമാണ് ചിത്ര രാമായണം. കേരള സർവ്വകലാശാലയുടെ ഹസ്ത ലിഖിത ഗ്രന്ഥശാലയിൽ സൂക്ഷിച്ചിട്ടുള്ള ഇതിന് അഞ്ഞൂറോളം വർഷത്തെ പഴക്കമുണ്ട്.

കേരള ഗവർണറായ ശേഷം രാഷ്ട്രപതിയായ വ്യക്തി- വി.വി ഗിരി